# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊളച്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.6/1285/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 29/12/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊളച്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.6/1285/2021 തീയ്യതി: 29/12/2021

## കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-01-2020 മുതൽ 27-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 28-09-2021 | 06-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 28-09-2021 | 08-10-2021 |
| 01-11-2021 | 06-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീമതി.രമണി കിഴക്കീൽ,ഓഡിറ്റ് ഓഫീസർ(ഹ ഗ്രേ)
2.ശ്രീ.ഷഹീൻ.പി ,അസി.ഓഡിറ്റ് ഓഫീസർ
3.ശ്രീമതി.രമ്യ.ടി,ഓഡിറ്റർ
4.ശ്രീ.ശ്രീനാഥ്.വി,ഓഡിറ്റർ
5.ശ്രീമതി.സുമതി.ടി.ഒ,സീനിയർ ഗ്രേഡ് ഓഡിറ്റർ
6.ശ്രീമതി.അന്ന അബ്രഹാം,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.താഹിറ.കെ. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.വി.ആർ.വിജയരാജ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 21-04-2019 |
| ശ്രീ.സിറിൽ ജെറോം | സെക്രട്ടറി | 24-04-2019 | 11-08-2021 |
| ശ്രീമതി മിനി കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-08-2019 | 16-08-2019 |
| ശ്രീ.രാഹുൽ രാമചന്ദ്രൻ | സെക്രട്ടറി | 17-08-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അർച്ചന മുരളി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.രേഷ്മ ദാമോദരൻ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.ലിഷ പാലാടൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | 01-04-2019 | 16-08-2019 |
| ഡോ.നിഷ രാജഗോപാൽ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | 17-08-2019 | 24-12-2019 |
| ഡോ.ലിഷ പാലാടൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | 25-12-2019 | 31-03-2020 |
| ദീപ.പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീലത.സി.കെ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 14-12-2019 |
| ഷിൻജ.ഇ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 15-12-2019 | 31-03-2020 |
| രാജീവൻ പുല്ലാരേത്ത് | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| വി.ആർ.വിജയരാജ് | അസി.സെക്രട്ടറി | 01-04-2019 | 28-07-2019 |
| മിനി.കെ. | അസി.സെക്രട്ടറി | 29-07-2019 | 04-01-2020 |
| അനില.കെ. | അസി.സെക്രട്ടറി (ഇൻ ചാർജ്ജ് ) | 05-01-2020 | 12-01-2020 |
| രാജൻ.കെ.പി. | അസി.സെക്രട്ടറി | 13-01-2020 | 31-03-2020 |
| ജയൻ.എം.വി. | ഡയറിഎക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| മായപ്പൻ സ്റ്റാൻലി | വി.ഇ.ഒ.(കൊളച്ചേരി സർക്കിൾ) | 01-04-2019 | 31-03-2020 |
| ലേഖ കെ.പി. | വി.ഇ.ഒ.(ചേലേരി സർക്കിൾ) | 01-04-2019 | 31-03-2020 |
| രമ്യശ്രീ പി.വി. | അസി.ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-12-2019 |

| | | | |
|---|---|---|---|
| സരിത കെ.വി. | അസി.ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-01-2020 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Remani Kizhakkeel (Audit Officer, On 15-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Remani Kizhakkeel (Audit Officer, On 15-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Remani Kizhakkeel (Audit Officer, On 15-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 15-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 15-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Remani Kizhakkeel (Audit Officer, On 04-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-12-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Remani Kizhakkeel (Audit Officer, On 15-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Remani Kizhakkeel (Audit Officer, On 08-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Remani Kizhakkeel (Audit Officer, On 04-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-11-2021) | 1-9 |
| 10 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 06-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-10 |
| 11 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് രജിസ്റ്ററിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 06-11-2021)<br>Last Updated By: SREENATH V (Auditor, On 06-11-2021) | 1-11 |
| 12 | കെട്ടിട നിർമ്മാണത്തിന് അനുമതി നൽകൽ - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത<br>Written By: SREENATH V (Auditor, On 06-11-2021)<br>Last Updated By: SREENATH V (Auditor, On 06-11-2021) | 1-12 |
| 13 | കെട്ടിട നിർമ്മാണ പെർമ്മിറ്റ് ഫീസ് ഈടാക്കിയതിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 06-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-13 |
| 14 | വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ് - രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 06-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-14 |
| 15 | വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ്- സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.<br>Written By: SREENATH V (Auditor, On 06-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-12-2021) | 1-15 |
| 16 | ജനറൽ പർപ്പസ് ഫണ്ട് പന്ത്രണ്ടാം ഗഡു ₹9,81,800 നഷ്ടപ്പെട്ടു. | 1-16 |

| | | |
|---|---|---|
| | Written By: Shaheen.P (Asst. Audit Officer, On 06-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | |
| 17 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് തസ്തികയിൽ റേഷ്യോ അടിസ്ഥാനത്തിൽ ഹയർഗ്രേഡ് കുടിശ്ശിക അനുവദിച്ച ₹21413 നിരാകരിക്കുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 06-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-12-2021) | 1-17 |
| 18 | ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിലെ അപാകങ്ങൾ ₹1495 നിരാകരിക്കുന്നു. ₹71577 ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 06-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-18 |
| 19 | ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിലെ അപാകങ്ങൾ ₹33721 ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 06-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-19 |
| 20 | തെങ്ങിന് ജൈവവള വിതരണം പദ്ധതി-രേഖകളുടെ അഭാവത്തിൽ ചെലവു തുകയായ 1052400/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Remya T (Auditor, On 07-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-20 |
| 21 | വനിതാഗ്രൂപ്പ് പച്ചക്കറികൃഷി-അപാകതകൾ<br>Written By: Remya T (Auditor, On 07-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-21 |
| 22 | തരിശുഭൂമി കൃഷിയോഗ്യമാക്കൽ- അപാകതകൾ<br>Written By: Remya T (Auditor, On 07-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-12-2021) | 1-22 |
| 23 | ഗെയിംസ് ഫെസ്റ്റ് പദ്ധതി നടപ്പിലാക്കിയതിലെ അപാകങ്ങൾ; 45060/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Remani Kizhakkeel (Audit Officer, On 07-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-12-2021) | 1-23 |
| 24 | മുൻകൂർ നൽകിയ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Shaheen.P (Asst. Audit Officer, On 06-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-24 |
| 25 | മത്സ്യ വിൽപ്പനക്കായി ഐസ് ബോക്സ്- പ്രോജക്ട് അപാകങ്ങൾ - ₹5940 ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: SREENATH V (Auditor, On 06-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-25 |
| 26 | സാന്ത്വന പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ -ചെലവ് തുക ₹4,12,296 തടസ്സപ്പെടുത്തുന്നു<br>Written By: SREENATH V (Auditor, On 06-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-12-2021) | 1-26 |
| 27 | കാൻസർ നിയന്ത്രണ പരിപാടി നടപ്പാക്കിയിട്ടില്ല.<br>Written By: SREENATH V (Auditor, On 06-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-12-2021) | 1-27 |
| 28 | മരണശേഷം പെൻഷൻ സസ്പെന്റ് ചെയ്യുന്നില്ല<br>Written By: SREENATH V (Auditor, On 06-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-12-2021) | 1-28 |
| 29 | ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ വിതരണം തുടർന്നു<br>Written By: SREENATH V (Auditor, On 06-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-29 |

## ഭാഗം 2

--- No Records Found ---

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് തസ്തികയിൽ റേഷ്യോ അടിസ്ഥാനത്തിൽ ഹയർഗ്രേഡ് കുടിശ്ശിക അനുവദിച്ച ₹21413 നിരാകരിക്കുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 06-12-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 06-12-2021) | 3-1 |
| 2 | ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിലെ അപാകങ്ങൾ ₹1495 നിരാകരിക്കുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 06-12-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 06-12-2021) | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 04-11-2021)<br>Last Updated By: P.S.Sabu (Deputy Director, On 29-12-2021) | 4-1 |
| 2 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 04-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങള്<br>Written By: Remani Kizhakkeel (Audit Officer, On 04-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 04-11-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 04-11-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Remani Kizhakkeel (Audit Officer, On 04-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Remani Kizhakkeel (Audit Officer, On 04-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Remani Kizhakkeel (Audit Officer, On 04-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Remani Kizhakkeel (Audit Officer, On 04-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-11-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 04-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 04-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Remani Kizhakkeel (Audit Officer, On 04-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-12-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

## ഭാഗം -1

### 1-1 ബജറ്റ്

ബജറ്റ് 13-02-2019 തീയതിയിലെ 37/19 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു. പുതുക്കിയ ബജറ്റ് 27-02-2020 തീയ്യതിയിലെ 35/2020 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| ബജറ്റ് | |
|---|---|
| മുന്നിരിപ്പ് | 3550436 |
| വരവ് | 145684000 |
| ആകെ | 149234436 |
| ചെലവ് | 146436216 |
| നീക്കിയിരിപ്പ് | 2798220 |

5-12-18 ന ചേർന്ന ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മീറ്റിംഗ് തീരുമാനം 42/18 പ്രകാരം 2019-20 ബജറ്റുമായി ബന്ധപ്പെട്ട് പ്രപ്പോസലുകൾ സ്ഥാപന മേധാവികളിൽ നിന്ന് വാങ്ങുന്നതിനായി തീരുമാനമെടുക്കുകയും 26-12-18ലെ ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റി മീറ്റിംഗിൽ ബജറ്റുമായി ബന്ധപ്പെട്ട് അനക്സർ 3,4 എന്നിവയിൽ തയ്യാറാക്കിയ പ്ലാൻ, നോൺ പ്ലാൻ പ്രപ്പോസലുകൾ ചർച്ച ചെയ്ത് അംഗീകരിച്ച എന്നും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ബജറ്റ് രേഖകൾ പ്രത്യേക ഫയലാക്കി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 9.06.2020 | തിരിച്ചയച്ചിട്ടില്ല |

വാർഷിക കണക്കിലെ അപാകതകൾ

1. 2019-20 വർഷത്തെ ക്യൂബിൽ തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല

2.പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ബാലൻസ് ഷീറ്റിൽ ആസ്തിയായി ഉൾപെടുത്തിയിട്ടില്ല.

3.തനതുഫണ്ടിൽ നിന്നും വിവിധ പ്രവൃത്തിയ്ക്കായി അഡ്വാൻസ് നൽകിയതിൽ ക്രമീകരിക്കാൻ ബാക്കിയുള്ള തുക ബാലൻസ് ഷീറ്റിലെ ബി.18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17944957 |
| വരവ് | 49871895 |
| ആകെ | 67816852 |
| ചെലവ് | 45977546 |
| നീക്കിയിരിപ്പ് | 21839306 |
| വരവ് നഷ്ടം | -- |
| ചെലവ് നഷ്ടം | 22908 |
| തടസ്സപ്പെടുത്തിയ തുക | 1620994 |

### 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | (ക്യൂ ബിൽ യിരിപ്പ് നീക്കി ഉൾപ്പെടെ |
|---|---|---|---|---|---|
| വികസന ഫണ്ട്-(ജനറൽ) | 0 | 1,12,99,000 | 1,12,99,000 | 9661560 | 1637440 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | | 0 | 38,41,000 | 38,41,000 | 1727807 | 2113193 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 86,36,129 | 86,36,129 | 55,14,575 | 3121554 |
| മെയിന്റനൻസ്ഗ്രാന്റ്-റോഡ് | | 0 | 92,00,000 | 92,00,000 | 21,37,264 | 70,62,736 |
| മെയിന്റനൻസ്ഗ്രാന്റ്-നോൺ റോഡ് | | 0 | 33,97,000 | 33,97,000 | 19,55,581 | 14,41,419 |
| എം ജി എൻ ആർ ഇ ജി എസ് | ഭരണ ചെലവ് | 2770 | 6,74,539 | 6,77,309 | 3,69,242 | 3,08,067 |
| | ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക | 0 | 1,75,86,410 | 1,75,86,410 | 1,75,86,410 | 0 |
| ഐ സി ഡി എസ് സെൻട്രൽ ഷെയർ | | 8,29,906 | 10,04,708 | 18,34,614 | 12,00,000 | 6,34,614 |
| എം പി ഫണ്ട് | | 0 | 11,24,873 | 11,24,873 | 11,24,109 | 764 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ് | | 170299 | 11240 | 181539 | 5600 | 175939 |
| ശുചിത്വം | | 480500 | 170000 | 650500 | 390500 | 260000 |
| കേരളോത്സവം | | 0 | 20000 | 20000 | 20000 | 0 |
| സാക്ഷരത | | 938 | 46 | 984 | - | 984 |
| ബഡ്സ് സ്കൂൾ & വിമുക്തി | | 86750 | 279427 | 366177 | 258842 | 107335 |
| മറ്റ് ഗ്രാന്റുകൾ | | - | 300000 | 300000 | 107900 | 192100 |

ഗ്രാന്റ് വിനിയോഗ പത്രിക ഹാജരാക്കിയത് പരിശോധിച്ചുറപ്പു വരുത്തി

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് |
|---|---|---|---|---|---|---|---|
| 170 | 115 | 41 | 55 | 74 | 44.04 | 78922198 | 30768066 |

A)നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം

നിർവ്വഹണ ഉദ്യോഗസ്ഥർ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെയും ഫണ്ട് ചെലവഴിച്ചതിന്റെയും വിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 7 | 6 | 5877640 | 2904348 | 49.41 |
| 2 | വെറ്ററിനറി സർജൻ | 6 | 5 | 1994840 | 717335 | 435.95 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 3 | 2 | 587155 | 412296 | 70.21 |
| 4 | വി.ഇ.ഒ | 21 | 19 | 6939447 | 16307738 | 42.55 |
| 5 | ഐ സി ഡിഎസ് സൂപ്പർവൈസർ | 12 | 10 | 8098358 | 5883684 | 72.65 |

| | | | | | | |
|---|---|---|---|---|---|---|
| 6 | അസി സെക്രട്ടറി | 2 | 2 | 460287 | 309650 | 67.27 |
| 7 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 0 | 106000 | 0 | 0 |
| 8 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 3 | 1212000 | 135294 | 11.16 |
| 9 | ഹെഡ് മാസ്റ്റർ | 3 | 3 | 1554812 | 1535060 | 98.72 |
| 10 | സെക്രട്ടറി | 34 | 24 | 11621058 | 3031143 | 26.08 |
| 11 | അസി.എഞ്ചിനീയർ | 78 | 41 | 31250190 | 8958415 | 28.66 |
| | ആകെ | 170 | 115 | 78922198 | 30768066 | 38.98 |

സെക്രട്ടറി, അസിഎഞ്ചിനീയർ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് ശതമാനം കേവലം 26.08, 28.66, 11.16 എന്നിങ്ങനെയാണ്. പ്രോജക്ടുകൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിലുള്ള വീഴ്ചയാണ് ഇത്തരത്തിൽ ചെലവ് ശതമാനം കുറയാനുള്ള കാരണമെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2770 | 674539 | 677309 | 369242 | 308067 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 17586410 | 17586410 | 17586410 | 0 |

എൻ ആർ ഇ ജി എസ്-അപാകതകൾ

1.തൻവർഷം 8 മെറ്റീരിയൽ വർക്കുകൾ നടപ്പിലാക്കിയിട്ടുണ്ട്. സാധന സാമഗ്രികളുടെ തുക അനുവദിച്ചിരിക്കുന്നത് ജി.എസ്.ടി ഉൾപെടെയുള്ള തുകയ്ക്കാണെങ്കിലും കരാറുകാരൻ ജി എസ് ടി ഒടുക്കിയതായ രേഖകൾ ഫയലിൽ ഇല്ല. മാത്രമല്ല ഹാജരാക്കിയ ഇൻവോയിസിന് നമ്പരോ തീയ്യതിയോ ഇല്ല. കരാറുകാരുടെ 2.5 ലക്ഷത്തിനു മുകളിലുള്ള സാധനസാമഗ്രികളുടെ ബില്ലിൽ നിന്നും 2% ജി.എസ്.ടി., ടി.ഡി.എസ്. ഈടാക്കിയിട്ടില്ല.

2. കരാറുകാരുമായി ചമച്ച കരാറുകളിൽ വിവരങ്ങൾ രേഖപ്പെടുത്തുകയോ സെക്രട്ടറി ഒപ്പ് വെക്കുകയോ ചെയ്തിട്ടില്ല. കരാറുകൾ പ്രത്യേകം ഫയലായി സൂക്ഷിക്കുകയാണ് ചെയ്തത്.

3. ഡിസ് പ്ലേ ബോർഡ് സ്ഥാപിച്ചതു സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3363000 | 253 |
| തൊഴിൽരഹിത വേതനം | 37200 | 22 |
| വിധവാ പെൻഷൻ | 16230800 | 1186 |
| വാർധക്യകാല പെൻഷൻ | 25107300 | 1728 |
| വികലാംഗ പെൻഷൻ | 3805100 | 270 |
| അവിവാഹിത പെൻഷൻ | 1113800 | 80 |
| വിവാഹ ധനസഹായം | 300000 | 10 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.11.2021 തീയ്യതിയിൽ സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 3,078/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ ഫലപ്രദമാണ്. സ്റ്റാഫ് മീറ്റിംഗ് എല്ലാ മാസവും മാസവും വിളിച്ച ചേർക്കുകയും ഫ്രണ്ട് ഓഫീസ് സമ്പ്രദായം മെച്ചപ്പെടുത്തേണ്ടത് സംബന്ധിച്ചും, നികുതി പിരിവ് സംബന്ധിച്ചും വിലയിരുത്തുകയും ജീവനക്കാർക്ക് ജോലി സംബന്ധിച്ച നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. രജിസ്റ്ററുകളും ഫയലുകളും സാമാന്യം നല്ല രീതിയിൽ സൂക്ഷിച്ചിട്ടുണ്ട്.

## 1-10 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ

31.10.2017ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ കൊളച്ചേരി ഗ്രാമപഞ്ചായത്തിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുക്കുന്നതിനായി/പുതുക്കുന്നതിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട് ഇല്ലാതെ തന്നെ/അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ തന്നെ ലൈസൻസ് ഫീസ് നിശ്ചയിച്ച കാണുന്നു. അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ ലൈസൻസ് ഫീസ് നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം-11തീയതി 07/10/2021) മറുപടിയായി 24/02/2018ലെ കൊളച്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 5/41/2018 തീരുമാന പ്രകാരം മൂലധന നിക്ഷേപമനുസരിച്ച് ലൈസൻസ് ഫീസ് ഈടാക്കാൻ തീരുമാനിക്കുകയും 2018-19 വർഷം മുതൽ ടി നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ഫീൽഡ്തല അന്വേഷണ പ്രകാരം കണക്കാക്കിയിട്ടുള്ള മൂലധന നിക്ഷേപവും ആയത് പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസും അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്.

## 1-11 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് രജിസ്റ്ററിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ എഫ്.ടി.ഇ & ഒ എസ് രജിസ്റ്റർ അപൂർണമാണ്. ലൈസൻസ് അനുവദിച്ച സ്ഥാപനത്തിന്റെ കെട്ടിട നമ്പർ, കെട്ടിട ഉടമയുടെ വിശദാംശങ്ങൾ, മോട്ടോർ ഉപയോഗിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ മുതലായ പല വിവരങ്ങളും രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. പല അപേക്ഷകളുടെ കാര്യത്തിലും ലൈസൻസ് അപേക്ഷക്ക് നൽകിയിരിക്കുന്ന ക്രമ നമ്പറും പ്രസ്തുത അപേക്ഷ രജിസ്റ്ററിൽ രേഖപ്പെടുത്തിയപ്പോൾ നൽകിയിരിക്കുന്ന ക്രമ നമ്പറും വ്യത്യസ്തമാണ്. കൂടാതെ രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളുടെയും അപേക്ഷകൾ പരിശോധനക്ക് ഹാജരാക്കിയില്ല. ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുവാനും അപേക്ഷകൾ കൃത്യമായി നമ്പറിട്ട് സൂക്ഷിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-12 കെട്ടിട നിർമ്മാണത്തിന് അനുമതി നൽകൽ - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. എന്നാൽ കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിടനമ്പർ നൽകിയതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നൽകി നികുതി ചുമത്തുന്നതിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയുന്നില്ല. ആയതിനാൽ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്താൻ സാധിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിനും വരുമാന നഷ്ടം ഉണ്ടാകുന്നതിനും ഇത് കാരണമാകുന്നു.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും അനധികൃത നിർമ്മാണങ്ങൾ വഴി പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-13 കെട്ടിട നിർമ്മാണ പെർമ്മിറ്റ് ഫീസ് ഈടാക്കിയതിലെ അപാകതകൾ

02/11/ 2019 ലെ ജി ഒ (പി) നം. 77/2019/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഷ്ക്കരിച്ച് ഉത്തരവായതാണ്. 20/11/2019 ലെ സർക്കുലർ നമ്പർ 201/ആർ.ഡി1/2019/ത.സ്വ.ഭ.വ പ്രകാരം 07.11.2019 വരെ സമർപ്പിച്ച കെട്ടിട നിർമ്മാണ അപേക്ഷകൾക്കും 07.11.2019 ന മുൻപ് സമർപ്പിച്ച അപേക്ഷകളിൽ ന്യൂനതകൾ പരിഹരിച്ച് വീണ്ടും സമർപ്പിക്കാൻ ആവശ്യപ്പെട്ട അപേക്ഷകൾക്കും പഴയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമായിരിക്കുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കൊളച്ചേരി ഗ്രാമ പഞ്ചായത്തിൽ 07.11.2019 ന മുൻപ് ലഭിച്ച പല അപേക്ഷകളിലും പുതിയ നിരക്കിന്റെ അടിസ്ഥാനത്തിലുള്ള ഉയർന്ന പെർമിറ്റ് ഫീസ് ഈടാക്കിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷ നം | കെട്ടിട ഉടമയുടെ പേര് | ഉപയോഗ ക്രമം | വിസ്തീർണം | ഈടാക്കിയ പെർമിറ്റ് ഫീസ് (വിസ്തീർണം X 7) | ഈടാക്കേണ്ടിയിരുന്ന പെർമിറ്റ് ഫീസ് (വിസ്തീർണം X 3) |
|---|---|---|---|---|---|
| 5022/10.10.2019 | ഗീന ഇ പി | പാർപ്പിടം | 158.06 | 1107 | 474 |
| 5030/11 /10/2109 | വിജേഷ് വി പി | പാർപ്പിടം | 170.12 | 1191 | 510 |
| 5035/11.10.2109 | രാജേഷ് എൻ | പാർപ്പിടം | 100.64 | 705 | 302 |
| 5044/11.10.2019 | റഹ്മത്ത് കെ | പാർപ്പിടം | 246.92 | 1749 | 741 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 20/19-20 തീയതി 08/10/2021) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിശ്ചയിച്ച കാലയളവിനുള്ളിൽ പെർമിറ്റിനുള്ള അപേക്ഷ സമർപ്പിച്ചിട്ടും കെട്ടിട ഉടമകളിൽ നിന്ന് പുതിയ നിരക്കിന്റെ അടിസ്ഥാനത്തിലുള്ള ഉയർന്ന പെർമിറ്റ് ഫീസ് ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-14 വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ് - രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ

സ.ഉ(കൈ) നം.106/2017/തസ്വഭവ തീയതി 26-05-2017 ലെ വ്യവസ്ഥ പ്രകാരം വിമുക്ത ഭടൻമാരുടെയും അവരുടെ ഭാര്യമാരുടെയും/വിധവകളുടെയും യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വാസഗൃഹങ്ങളുടെ നികുതി ഇളവ് അനുവദിക്കാൻ ഓരോ വർഷവും മാർച്ച് 31 ന് മുൻപ് നിശ്ചിത മാതൃകയിൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന രജിസ്റ്റർ പ്രകാരം 2019-20 സാമ്പത്തിക വർഷം നാല് കെട്ടിടങ്ങൾക്ക് മാത്രമാണ് ഈ ഗണത്തിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകിയിട്ടുള്ളത്. എന്നാൽ നികുതി ഇളവ് അനുവദിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള 24 അപേക്ഷകൾ പഞ്ചായത്തിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. സഞ്ചയ പ്രകാരം പ്രസ്തുത അപേക്ഷകളിലെ കെട്ടിടങ്ങൾക്ക് 2019-20 സാമ്പത്തിക വർഷം നികുതി ഇളവ് അനുവദിച്ചിട്ടുമുണ്ട്. നികുതി ഇളവ് അനുവദിച്ച എല്ലാ കെട്ടിടങ്ങളുടെയും വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 18/19-20 തീയതി 08/10/2021) മറുപടിയായി നികുതി ഇളവ് അനുവദിച്ച എല്ലാ കെട്ടിടങ്ങളുടെയും വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിന് മുൻപാകെ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നികുതി ഇളവ് അനുവദിച്ച എല്ലാ കെട്ടിടങ്ങളുടെയും വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-15 വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ്- സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

സ.ഉ(കൈ) നം.106/2017/തസ്വഭവ തീയതി 26-05-2017 ലെ വ്യവസ്ഥ പ്രകാരം വിമുക്ത ഭടൻമാരുടെയും അവരുടെ ഭാര്യമാരുടെയും/വിധവകളുടെയും യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വാസഗൃഹങ്ങളുടെ നികുതി ഇളവ് അനുവദിക്കാൻ ഓരോ വർഷവും മാർച്ച് 31 ന് മുൻപ് നിശ്ചിത മാതൃകയിൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2019-20 വർഷം നികുതി ഇളവ് അനുവദിച്ച, ചുവടെ ചേർത്ത കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്നും സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| വാർഡ് നമ്പർ | കെട്ടിട നമ്പർ |
|---|---|

| | |
|---|---|
| 4 | 423 |
| 5 | 31, 32, 51, 305 |
| 6 | 269, 362 |
| 7 | 35, 87, 171 |
| 8 | 419 |
| 9 | 413 |
| 13 | 229, 327, 512 |
| 14 | 3, 193 |
| 15 | 272A, 277, 328 |
| 16 | 65, 87, 112, 134, 239 |
| 17 | 413 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 19/19-20 തീയതി 08/10/2021) മറുപടിയായി മേൽ പട്ടികയിലെ വിമുക്ത ഭടൻമാരുടെയും അവരുടെ ഭാര്യമാരുടെയും/വിധവകളുടെയും കെട്ടിടങ്ങൾക്ക് ഇളവ് അനുവദിക്കുന്നതിന് വാങ്ങിയ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ജനറൽ പർപ്പസ് ഫണ്ട് പന്ത്രണ്ടാം ഗഡു ₹9,81,800 നഷ്ടപ്പെട്ടു.

ജി ഒ (ആർ ടി) 2480/2020/ഫിൻ തീയതി 25.03-2020 ഉത്തരവ് പ്രകാരം ജനറൽ പർപ്പസ് ഫണ്ട് പന്ത്രണ്ടാം ഗഡുവായി അനുവദിച്ച ₹9,81,800 സെക്രട്ടറി TR 59(E) ബിൽ പ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന്പിൻവലിച്ച് ട്രഷറി സ്പെഷൽ ടി.എസ്.ബി.എക്കൗണ്ടിലേക്ക് മാറ്റിയിടുന്നതിനായി 27-03-2020 ൽ ബിൽ ട്രഷറിയിൽ സമർപ്പിച്ചിരുന്നെങ്കിലും തുക വരവു വന്നിട്ടില്ല. ₹9,81,800 പഞ്ചായത്തിന് നഷ്ടപ്പെടാൻ ഇടയാക്കിയതിന്റെ കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/06-10-2021) പ്രസ്തുത ബില്ലിന് WAMS ക്ലിയറൻസ് കിട്ടാത്തത് കാരണമാണ് ബിൽ പാസാക്കുന്നതിന് സാധിക്കാത്തത് യെന്ന് ട്രഷറി ഓഫീസർ അറിയിച്ചതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ₹9,81,800 ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-17 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് തസ്തികയിൽ റേഷ്യോ അടിസ്ഥാനത്തിൽ ഹയർഗ്രേഡ് കുടിശ്ശിക അനുവദിച്ച ₹21413 നിരാകരിക്കുന്നു.

വൗച്ചർ നമ്പർ/ തീയതി - 21900231/24-06-2019; ₹22,973

കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ ഹരിദാസൻ മൂളിയിൽ എന്നവർക്ക് പഞ്ചായത്ത് ഡയറക്ടറുടെ 26-06-2018 ലെ ഇ2-14700/2018 ഉത്തരവ് പ്രകാരം അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് തസ്തികയിൽ 01-04-2016 തീയതി പ്രാബല്യത്തിൽ 35,700 -75,600 രൂപ ശമ്പള സ്കെയിലിൽ റേഷ്യോ അടിസ്ഥാനത്തിലുള്ള ഹയർഗ്രേഡ് അനുവദിച്ചിട്ടുണ്ട്. ജി.ഒ.(പി) 515/2007/ധന തീയതി 19-10-2007 പ്രകാരം ഡ്യൂട്ടിയിൽ മാറ്റമില്ലാത്ത മുൻകാല ഉദ്യോഗകയറ്റങ്ങൾക്ക് അവയുടെ സാമ്പത്തിക ആനുകൂല്യങ്ങൾ ഉത്തരവിന് ഒരു

വർഷം മുൻപ്മാത്രമാണ് പ്രാബല്യം ഉണ്ടായിരിക്കുക. എന്നാൽ ശമ്പള നിർണ്ണയം നോഷനലായി നടത്താവുന്നതാണ്. ശ്രീ.ഹരിദാസൻ മൂളിയിൽ എന്നവർക്ക് മേൽ സർക്കാർ ഉത്തരവ് പ്രകാരം 26-06-2017 മുതൽ മാത്രമാണ് ശമ്പള കുടിശ്ശികക്ക് അർഹത. ജീവനക്കാരന് കൊളച്ചേരി ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്ന കാലയളവിലെ കുടിശ്ശിക ഒക്ടോബർ 2016 മുതൽ ജൂലായ് 2017 വരെ അനുവദിച്ചിട്ടുണ്ട്.

അനുവദിച്ചത്

| Month | Pay | DA | HRA | Total | Pay | DA | HRA | Total | Balance |
|---|---|---|---|---|---|---|---|---|---|
| 10/2016 | 38413 | 4609(12%) | 1258 | 44280 | 36568 | 4599 | 1258 | 42425 | 1855 |
| 11/2016 | 45800 | 5496 | 1500 | 52796 | 43600 | 5232 | 1500 | 50322 | 2464 |
| 12/2016 | 45800 | 5496 | 1500 | 52796 | 43600 | 5232 | 1500 | 50322 | 2464 |
| 01/2017 | 45800 | 6412(14%) | 1500 | 53712 | 43600 | 6104 | 1500 | 51204 | 2508 |
| 02/2017 | 45800 | 6412 | 1500 | 53712 | 43600 | 6104 | 1500 | 51204 | 2508 |
| 03/2017 | 45800 | 6412 | 1500 | 53712 | 43600 | 6104 | 1500 | 51204 | 2508 |
| 04/2017 | 45800 | 6412 | 1500 | 53712 | 43600 | 6104 | 1500 | 51204 | 2508 |
| 05/2017 | 46900 | 6566 | 1500 | 54966 | 44700 | 6258 | 1500 | 52458 | 2508 |
| 06/2017 | 46900 | 6566 | 1500 | 54966 | 44700 | 6258 | 1500 | 52458 | 2508 |
| 07/2017 | 21180 | 3177 | 677 | 25034 | 20187 | 3028 | 677 | 23892 | 1142 |
| | | | | | | | | | 22,973 |

അനുവദിക്കാവുന്നത്

| Month | Pay | DA | HRA | Total | Pay | DA | HRA | Total | Balance |
|---|---|---|---|---|---|---|---|---|---|
| 06/2017 നിരക്ക് | 46900 | 6566 (14%) | 1500 | 54966 | 44700 | 6258 | 1500 | 52458 | 2508 |
| (5days) From 26-06-2017 | 7816.66 | 1094.33 | 250 | 9161 | 7450 | 1043 | 250 | 8743 | 418 |
| 07/2017 | 21180 | 3177 | 677 | 25034 | 20187 | 3028 | 677 | 23892 | 1142 |
| | | | | | | | | | 1560 |

26-6-2017 മുതൽ മാത്രം സാമ്പത്തിക ആനുകൂല്യം അനുവദിക്കാവുന്ന ഹയർ ഗ്രേഡ് കുടിശ്ശിക 10/2016 മുതൽ അനുവദിച്ചത് കാരണം ₹21413 (22,973-1560) ജീവനക്കാരനിൽ നിന്ന് ഈടാക്കേണ്ടതാണ്. ₹21413 ചെലവ് നിരാകരിക്കുന്നു. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 1/06-10-2021 മറുപടി നൽകിയിട്ടില്ല.)

## 1-18 ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിലെ അപാകങ്ങൾ ₹1495 നിരാകരിക്കുന്നു. ₹71577 ചെലവ് തടസ്സപ്പെടുത്തുന്നു.

1)വൗച്ചർ നമ്പർ 21900129/21-05-2019 ₹182659

ജി.ഒ(പി)44/2019/ധന തീയതി 04-04-2019 പ്രകാരം 01/2018 മുതൽ 03/2019 ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിൽ

ജീവനക്കാർ കൊളച്ചരി ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യാത്ത കാലയളവ് ഉൾപ്പെടെയാണ്. ജീവനക്കാർ മുന്നേ ജോലിചെയ്തിരുന്ന സ്ഥാപനങ്ങളിൽ നിന്ന് തുക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, ഡ്രോൺ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കാതെയാണ് കുടിശ്ശിക അനുവദിച്ചത് വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പേര് തസ്തിക | കൊളച്ചേരി ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | ശ്രീമതി. അനില കെ ഹെഡ് ക്ലർക്ക് | 05-07-2018 | 22101 |
| 2 | ശ്രീമതി. സജിത സി കെ. സീനിയർ ക്ലർക്ക് | 03-11-2018 | 16320 |
| 3 | ശ്രീ.മാധവൻ നമ്പൂതിരി. ക്ലർക്ക് | 06-04-2018 | 18828 |
| 4 | ശ്രീ ഷനിൽ വി ക്ലർക്ക് | 26-06-2018 | 14328 |
| ആകെ | | | 71577 |

ജീവനക്കാരൻ മുന്നേ ജോലിചെയ്തുരുന്ന സ്ഥാപനങ്ങളിൽ നിന്ന് തുക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം , ഡ്രോൺ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/06-10-2021) രേഖകൾ പിന്നീട് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ₹71577ചെലവ് തടസ്സപ്പെടുത്തുന്നു. സാക്ഷ്യപത്രം , ഡ്രോൺ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

2-31-05-2019 ൽ സേവനത്തിൽ നിന്ന് വിരമിച്ച ശ്രീ മാധവൻ നമ്പൂതിരി ക്ലർക്ക് 05/2018 ൽ ആർജിതാവധി സറണ്ടർ ചെയ്തതിന് ശേഷം ടെർമിനൽ സറണ്ടർ മാത്രമാണ് ചെയ്തത്. 05/2018 ൽ സറണ്ടർ ചെയ്തതിന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ച ശേഷം ഡ്യൂ ഡ്രോൺ സ്റ്റേറ്റമെന്റിൽ മാസം രേഖപ്പെടുത്താതെ വീണ്ടും ₹1495 സറണ്ടർ ലീവ് ക്ഷാമബത്ത കുടിശ്ശിക ഇനത്തിൽ നൽകിയിട്ടുണ്ട്. അനുവദിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | PAY | DA | HRA | TOTAL | PAY | DA | HRA | TOTAL | BALANCE |
|---|---|---|---|---|---|---|---|---|---|
| SLS | 29900 | 5980 | 1250 | 37130 | 29900 | 4485 | 1250 | 35635 | 1495 |

സറണ്ടർ ചെയ്യാത്ത കാലയളവിൽ സറണ്ടർ ക്ഷാമബത്ത കുടിശ്ശിക നൽകിയതിന്റെ കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/06-10-2021) മറുപടി നൽകിയിട്ടില്ല. തെറ്റായി സറണ്ടർ ഇനത്തിൽ നൽകിയ ₹1495 ചെലവ് നിരാകരിക്കുന്നു. തുക ജീവനക്കാരനിൽ നിന്ന് ഈടാക്കി ഒടുക്കേണ്ടതാണ്.

## 1-19 ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിലെ അപാകങ്ങൾ ₹33721 ചെലവ് തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ 21900128/21-05-2019 ₹33721

ജി.ഒ(പി)44/2019/ധന തീയതി 04-04-2019 പ്രകാരം 01/2018 മുതൽ 03/2019 ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിൽ ജീവനക്കാർ കൊളച്ചരി ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യാത്ത കാലയളവ് ഉൾപ്പെടെയാണ്. ജീവനക്കാർ മുന്നേ ജോലിചെയ്തുരുന്ന സ്ഥാപനങ്ങളിൽ നിന്ന് തുക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം , ഡ്രോൺ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കാതെയാണ് കുടിശ്ശിക അനുവദിച്ചത് വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പേര് തസ്തിക | കൊളച്ചേരി ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | ശ്രീ സിറിൾ ജറോം സെക്രട്ടറി | 22-10-2018 | 33721 |

ജീവനക്കാരൻ മുന്നേ ജോലിചെയ്തിരുന്ന സ്ഥാപനങ്ങളിൽ നിന്ന് തുക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം , ഡ്രോൺ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/06-10-2021) രേഖകൾ പിന്നീട് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ₹33721 ചെലവ് തടസ്സപ്പെടുത്തുന്നു. സാക്ഷ്യപത്രം , ഡ്രോൺ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 തെങ്ങിന് ജൈവവള വിതരണം പദ്ധതി-രേഖകളുടെ അഭാവത്തിൽ ചെലവു തുകയായ 1052400/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ | 19/19-20 |
| പ്രോജക്ടിന്റെ പേര് | തെങ്ങിന് ജൈവവളവിതരണം |
| അടങ്കൽ | ₹654560 വികസനഫണ്ട് പൊതുവിഭാഗം<br>₹400000തനതു ഫണ്ട് |
| ചെലവ്/ബിൽ നം/തുക | 1)₹654560ബിൽ നം-2/19-20 തീയതി-20.09.19വികസനഫണ്ട് പൊതുവിഭാഗം<br>2)13320/- ;ചെക്ക് നം-5035465 തീയതി 25.11.19<br>3)374920/- ചെക്ക് നം-5035446 തീയതി 20.09.19<br>4)9600/-ചെക്ക് നം-5035497 തീയതി 06.03.20 |

സബ്സിഡി മാർഗ്ഗ രേഖ സ.ഉ.(കൈ)നം.22/2018 തസ്വഭവ,തിരുവനന്തപുരം തീയതി 14.02.2018 ഖണ്ഡിക6.1(1) പ്രകാരം കാർഷിക കർമ്മസേനകൾ, കർഷകഗ്രൂപ്പുകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ തുടങ്ങിയവർപ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനംനടത്തുന്ന മാലിന്യ സംസ്കരണപ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉല്പാദിപ്പിക്കുന്നവ എന്നിവയിൽ നിന്നും നേരിട്ട് കൃഷിഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ അനുമതിയോടെ കൃഷിക്കാർ വാങ്ങി ഉപയോഗിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 19-20 സാമ്പത്തിക വർഷം നടപ്പാക്കിയ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ അപേക്ഷയും, സബ്സിഡി തുക കൈമാറിയ രേഖകളുമാണ്ഹാജരാക്കിയിട്ടുള്ളത്. എന്നാൽ സബ്സിഡി തുക ലഭ്യമാകുന്നതിനായി കർഷകർ ഹാജരാക്കിയ ജൈവവളം വാങ്ങിയ ബില്ലുകൾ പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റ്, എന്നിവ പരിശോധനക്ക് ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 28 തീയതി 12.10.21) മറുപടി നൽകിയിട്ടില്ല. പ്രസ്തുത രേഖകൾ ഹാജരാക്കാത്തതിനാൽ, അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് തന്നെയാണോ തുക കൈമാറിയതെന്നും, പരിധിയിൽ കൂടുതൽ തുക കൈമാറിയിട്ടുണ്ടോ എന്നതും വ്യക്തമല്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹1052400 തടസ്സപ്പെടുത്തുന്നു.

## 1-21 വനിതാഗ്രൂപ്പ് പച്ചക്കറികൃഷി-അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ | 15/19-20 |
| പ്രോജക്ടിന്റെ പേര് | പച്ചക്കറി കൃഷിവികസനം(വനിത ഗ്രൂപ്പുകൾക്ക്) |
| അടങ്കൽ | ₹100000 വികസനഫണ്ട് പൊതുവിഭാഗം<br>₹12500 തനതുഫണ്ട്<br>₹87500ജില്ലാ പഞ്ചായത്ത് വിഹിതം |

| | |
|---|---|
| ചെലവ്/ബിൽ നം/തുക | 1.₹25000/-8/19-20 തീയതി 27.02.20<br>2 .₹ 12500 ചെക്ക് നം -5035496 തീയതി 06.03.20 |

വിഷരഹിത പച്ചക്കറി,കൂലിച്ചെലവ് കുറക്കുക എന്ന ലക്ഷ്യത്തോടെ വനിതാ ഗ്രൂപ്പുകൾക്ക് പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുകയും ,കൂലിച്ചെലവ് സബ്സിഡി നൽകുകയും ചെയ്യുന്നതിനാണ് പ്രോജക്ട്.മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു

1. പദ്ധതിയുടെ നടത്തിപ്പിനായി വയനാട് ജില്ലാ ഫ്രൂട്ട്സ് &വെജിറ്റബിൾസ് മാർക്കറ്റിംഗ് കോപ്പറേറ്റീവ് സൊസൈറ്റിയിൽനിന്നും പച്ചക്കറി വിത്തുകൾ 250 രൂപ നിരക്കിൽ 100 പാക്കറ്റുകൾ വാങ്ങിയിട്ടുണ്ട്.വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 53 അംഗങ്ങൾക്ക് വിത്തുകൾ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.(എണ്ണം രേഖപ്പെടുത്തിയിട്ടില്ല).വിത്തുകൾ പൂർണ്ണമായും വിതരണം നടത്തിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

2.ക്രമനം 2 പ്രകാരം ഗ്രൂപ്പുകൾക്ക് കൂലിച്ചെലവ് സബ്സിഡി തുക വിതരണം നടത്തിയിട്ടുണ്ട്.എന്നാൽ കൂലിച്ചെലവിനാധാരമായ വൗച്ചറുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.കൂടാതെ അപേക്ഷയിൽ കൂലിച്ചെലവ് സബ്സിഡി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലുകളുമില്ല.

3.മേൽ പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കാത്തതിനാൽ അർഹതപ്പെട്ട ഗുണഭോക്താക്കൾക്കാണോ ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.

4.സബ്സിഡി മാർഗ്ഗരേഖ സ.ഉ( കൈ) സം.22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 6.1(7) പ്രകാരം പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി ഒരു ഹെക്ടറിന് പരമാവധി 17000/-രൂപയാണ്.കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി കുറവാണെങ്കിൽ ആനുപാതിക തുക നൽകാം.എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്കുടെ അപേക്ഷയിൽ കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി ലഭ്യമാക്കുന്ന രേഖകളില്ലാതെ തന്നെ തുക കൈമാറിയിട്ടുണ്ട്.

| പേര് | അനുവദിച്ച തുക |
|---|---|
| ഷീബ.എം.കെ | 2039/- |
| സുബൈദ.പി.പി | 1352/- |
| റീന.കെ | 1699/- |

5.സബ്സിഡി തുക കൈമാറിയ താഴെ പറയുന്ന ഗുണഭോക്താക്കൾക്കുടെ അപേക്ഷ പരിശോധനക്ക്

ലഭ്യമാക്കിയിട്ടില്ല.

| പേര് | അനുവദിച്ച തുക |
|---|---|
| കെ.മിനി | 2039 |
| ജലജ.കെ.പി | 2039 |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടില്ല. പച്ചക്കറികൃഷി വ്യാപനം കൃത്യമായി മോണിറ്ററിങ്ങ് ചെയ്യപ്പെടേണ്ട പദ്ധതിയാണ്. ഇത്തരം പദ്ധതികളിൽ വിത്തുകൾ/ തൈകൾ വിതരണം ചെയ്തതോടുകൂടി പദ്ധതി അവസാനിച്ചതായാണ് വ്യക്തമാവുന്നത്. പദ്ധതികളുടെ യഥാർത്ഥ ലക്ഷ്യമായ ഉല്പാദന വർദ്ധനവ് കൈവരിച്ചിട്ടുണ്ടോ എന്നും,അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-22 തരിശുഭൂമി കൃഷിയോഗ്യമാക്കൽ- അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ | 14/19-20 |
| പ്രോജക്ടിന്റെ പേര് | തരിശുഭൂമി കൃഷിയോഗ്യമാക്കൽ |
| അടങ്കൽ | ₹300000ജില്ലാ പഞ്ചായത്ത് വിഹിതം |

| ചെലവ്/ബിൽ നം/തുക | ₹225000/-6/19-20 തീയതി 29.02.20 |
|---|---|

1. തരിശായി കിടക്കുന്ന നെൽവയലുകളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയാണ് പ്രോജക്റ്റ്.കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30000/- രൂപയാണ് സബ്സിഡി തുക.സ്ഥലത്തിന് ആനുപാതികമായും സഹായം നൽകുന്നു. (സബ്സിഡി മാർഗ്ഗരേഖ സ.ഉ( കൈ) 22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 6.1(27). 2019-20 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടു പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി തുക കൈമാറിയിട്ടുണ്ട്. എന്നാൽ അപേക്ഷയോടൊപ്പം കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി തെളിയിക്കുന്ന രേഖകളോ, കൂലിച്ചെലവിനാധാരമായ രേഖകളോ, നിർദ്ദിഷ്ട പ്രദേശം കൃഷിയോഗ്യമായ തരിശു ആയിരുന്നെന്നും, നെൽകൃഷിക്ക് അനുയോജ്യമാണെന്നും, ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരം തുക അനുവദിക്കാവുന്നതാണെന്ന നിർവ്വഹണോദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലുകളോ കൂടാതെ തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭേക്താവിന്റെ പേര് | കൈമാറിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | ബീന.പി.സി | 12000 | അപേക്ഷയോടൊപ്പം ആധാർ കാർഡ്, ബാങ്ക് പാസ്സ് ബുക്ക് കോപ്പി മാത്രം |
| 2 | റീന.കെ | 15000 | " |
| 3 | എ.നാരായണൻ | 6000 | " |
| 4 | എ.ഭാസ്കരൻ | 3000 | " |
| 5 | സി.വി.അബ്ദുള്ള ഹാജി | 12000 | " |
| 6 | അബ്ദുൾഖാദർ. കെ.സി | 12000 | " |
| 7 | സി.എച്ച്.മുഹമ്മദ്കുട്ടി | 12000 | " |
| 8 | നാരായണൻ.കെ | 2100 | സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച് ഹാജരാക്കിയ രേഖകൾ പ്രകാരം 4 ആർ 4 സ്ക്വ.മീ ആണ്. |
| 9 | പ്രഭാകരൻ .കെ.എം | 24000 | സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച് ഹാജരാക്കിയ രേഖകൾ പ്രകാരം 15 ആർ 71 സ്ക്വ.മീ ആണ്. |

2. സബ്സിഡി തുക കൈമാറിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷകൾ ഹാജരാക്കിയിട്ടില്ല.

മധുസൂദനൻ.ടി, ശ്രീധരൻ .സി, അജിത.ഇ.കെ, അനിത.എം.വി

3.മേൽ പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ പരാമർശിച്ച അപാകതകൾ കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.26 തീയതി 12.10.21) മറുപടി നൽകിയിട്ടില്ല.

ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ അർഹതപ്പെട്ട ഗുണഭോക്താക്കൾക്കു തന്നെയാണോ ആനുകൂല്യം നൽകിയതെന്ന് വ്യക്തമല്ല. പദ്ധതികളുടെ യഥാർത്ഥ ലക്ഷ്യമായ ഉല്പാദന വർദ്ധനവ് കൈവരിച്ചിട്ടുണ്ടോ എന്ന വിലയിരുത്തൽ നടത്തുന്നില്ല.29-1-2018ലെ സ.ഉ (എം എസ്)11/2018/ തസ്വഭവ ഖണ്ഡിക 13 പ്രകാരം വർക്കിംഗ്

ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് കമ്മിറ്റിയായി പ്രവർത്തിക്കേണ്ടതാണെന്നും മോണിറ്ററിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണെന്നും പ്രാദേശിക മോണിറ്ററിങ്ങിനായി സാമൂഹ്യാധിഷ്ഠിത സംഘടനകളെയും ജനകീയ കൂട്ടായ്മകളെയും ചുമതലപ്പെടുത്താവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഓരോ പദ്ധതിയുടെയും നിർവ്വഹണ പുരോഗതിയും ഭൗതികനേട്ടവും വിലയിരുത്തുന്നതിനായി ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം ഉണ്ടാവേണ്ടതുണ്ട്. മേൽ പരാമർശിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, പഞ്ചായത്തിലെ തരിശ് ഭൂമി പൂർണ്ണമായും കൃഷിക്ക് ഉപയുക്തമാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച മോണിറ്ററിങ്ങ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-23 ഗെയിംസ് ഫെസ്റ്റ് പദ്ധതി നടപ്പിലാക്കിയതിലെ അപാകങ്ങൾ; 45060/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രൊജക്ടിന്റെ പേര്/നമ്പർ | ഗെയിംസ് ഫെസ്റ്റ് /76/20 |
| അടങ്കൽ | 50,000,(45060/-തനത് ഫണ്ട് 4940/-വികസനഫണ്ട്) |
| ചെലവ് | 45060/-<br>(ചെക്ക് നം. 5035489/27.2.20 – ₹42750<br>ചെക്ക് നം. 5035604/20.3.20 – ₹2310) |

2019-20 വർഷം 45060/ചെലവഴിച്ച്ഗെയിംസ് ഫെസ്റ്റ് എന്ന പ്രൊജക്ട് നടപ്പിലാക്കിയിട്ടുണ്ട്.പ്രൊജക്ട്നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ജി.ഒ.(എം.എസ്)നം.22/18 തസ്വഭവ തീ.14.2.18 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6.2 പ്രകാരം യുവജന ക്ലബ്ബുകളിൽ നിന്നും ഗ്രാമ പഞ്ചായത്ത് ടീം രൂപീകരിക്കുന്നതിനും കോച്ചിംഗ് ക്യാമ്പ് നൽകുന്നതിനും പ്രൊജക്ട് തയ്യാറാക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ടീം രൂപീകരിച്ച് തദ്ദേശഭരണ സ്ഥാപനത്തിലെ സെലക്ഷൻ ട്രയൽസ് കം ചാമ്പ്യൻഷിപ്പ് നടത്തേണ്ടതാണ്. യുവജന ക്ലബ്ബുകൾ തമ്മിൽ മത്സരം നടത്തി ഇതിൽ വിജയിക്കുന്ന ടീമാണ് ചാമ്പ്യൻഷിപ്പ് വിജയി. ചാമ്പൻഷിപ്പിൽ പങ്കെടുക്കുന്ന എല്ലാ ടീമുകളിൽ നിന്നും ഏറ്റവും നല്ല കളിക്കാരെ തെരഞ്ഞെടുക്കുന്നതിനാണ് സെലക്ഷൻ ട്രയൽസ്. ഇങ്ങനെ തെരഞ്ഞെടുക്ക പ്പെടുന്നവരാണ് ഗ്രാമ പഞ്ചായത്ത് ടീം. ഈ കാഴ്ചപ്പാടോടെയാണ് പ്രൊജക്ട് വിഭാവനം ചെയ്യേണ്ടത്. എന്നാൽ ഇത്തരത്തിൽ സെലക്ഷൻ ട്രയൽസ് കം ചാമ്പ്യൻഷിപ്പ് നടത്തിയിട്ടില്ല.

2. പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട കായിക ക്ഷമതയുള്ള കുട്ടികളെയും യുവാകളെയും ഉൾപെടുത്തി ടീം രൂപീകരിക്കുക, ജഴ്സി, ഫുട്ബോൾ എന്നിവ നൽകൽ, കോച്ചിന് കോച്ചിംഗ് ഫീ, വിജയികൾക്ക് ട്രോഫി നൽകൽ, പ്രിൻറിംഗ് ചാർജ്,മ റ്റ് അനുബന്ധചെലവുകൾ എന്നിങ്ങനെയാണ് തുക വകയിരുത്തിയത് . ക്രിക്കറ്റ് സ്പോർട്സ് ഉപകരണങ്ങളാണ് കൂടുതലായും വാങ്ങിയിട്ടുള്ളത്.

3. 42750 രൂപ ചെലവഴിച്ച് ഫുട്ബോൾ, ക്രിക്കറ്റ് സ്പോർട്സ് ഉപകരണങ്ങൾ സ്പോർട്സ് ലൈൻ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന്റെ ബില്ല് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

4. ടീം രൂപീകരണം സംബന്ധിച്ചോ ഇതിലെ അംഗങ്ങളെപ്പറ്റിയോ ക്ലബ്ബുകളെപ്പറ്റിയോ പരിശീലനം നൽകിയവരെക്കുറിച്ചോ വിശദാംങ്ങളോ ഒന്നും ലഭ്യമാക്കിയിട്ടില്ല.

5. 2310 രൂപ ഫൈസൽ വി.പി എന്നയാളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഫൈസൽ ആരാണെന്നത് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ 10-11-2019 ന് പഞ്ചായത്ത് സ്റ്റേഡിയത്തിൽ വെച്ച് ടീം അംഗങ്ങളെ തെരഞ്ഞെടുത്തുവെന്നും പരിശീലനവും സ്പോർട്സ് ഉപകരണങ്ങളും നൽകിയെന്നും പ്രോജക്ട് നടപ്പിലാക്കിയതിലൂടെ മികച്ചഫുട്ബോൾ ,ക്രിക്കറ്റ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട് എന്നും പറയുന്നു. പദ്ധതി മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചിട്ടില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. മേൽ പറഞ്ഞ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 45060/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 മുൻകൂർ നൽകിയ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം

ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രവർത്തികൾക്ക് മുൻകൂർ നൽകിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | വൗച്ചർ നമ്പർ / തീയതി | തുക ₹ |
|---|---|---|---|
| 1 | വാർഡ് 2 ലെ ചോയിച്ചേരി റോഡിൽ സ്ഥിതി ചെയ്യുന്ന KLY KM 20, 34, 40 എന്നീ പോസ്റ്റുകൾ മാറ്റുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ കെ എസ് ഇ ബി കൊളച്ചേരി ഇലക്ട്രിക്കൽ സെക്ഷന് നൽകിയത് | 21900046/ 09-04-2019 | 8955 |
| 2 | വാർഡ് 6 ലെ കൊളച്ചേരി മുക്ക് നെല്ലിക്കപ്പാലം ലെനിൻ റോഡിലെ KLY KN 51/ 2പോസ്റ്റ് മാറ്റുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ കെ എസ് ഇ ബി കൊളച്ചേരി ഇലക്ട്രിക്കൽ സെക്ഷന് നൽകിയത് | 21900053/ 10-04-2019 | 12007 |
| 3 | വാർഡ് 6 ലെ പട്ടായം നാലാംപീടിക റോഡിലെ റോഡിലെ KLY/ KM 222/19 പോസ്റ്റ് മാറ്റുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ കെ എസ് ഇ ബി കൊളച്ചേരി ഇലക്ട്രിക്കൽ സെക്ഷന് നൽകിയത് | 21900114/ 13-05-2019 | 19387 |
| 4 | 160/2020 ചേലേരിമിൽ - ചേലേരി വയൽ റോഡിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ കെ എസ് ഇ ബി കൊളച്ചേരി ഇലക്ട്രിക്കൽ സെക്ഷന് നൽകിയത് | 21900966/ 06-02-2020 | 20131 |
| | 160/2020 പെരുമാച്ചേരി കാവുംചാൽ എ.കെ.ജി റോഡിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ കെ എസ് ഇ ബി കൊളച്ചേരി ഇലക്ട്രിക്കൽ സെക്ഷന് നൽകിയത് | 21901133/ 04-03-2020 | 29765 |
| 5 | ചേലേരിമുക്ക് - ഇച്ചൂളിയത്ത് റോഡിന്റെ പോസ്റ്റ് മാറ്റൽ അസിസ്റ്റന്റ് എഞ്ചിനീയർ കെ എസ് ഇ ബി കൊളച്ചേരി ഇലക്ട്രിക്കൽ സെക്ഷന് നൽകിയത് | 21901089/ 27-02-2020 | 13580 |
| ആകെ | | | 103825 |

മുൻകൂർ നൽകിയ പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതും, ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-25 മത്സ്യ വിൽപ്പനക്കായി ഐസ് ബോക്സ്- പ്രോജക്ട് അപാകങ്ങൾ - ₹5940 ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | മത്സ്യ വിൽപ്പനക്കായി ഐസ് ബോക്സ് |

| | |
|---|---|
| പ്രൊജക്റ്റ് നം | 120/20 |
| അടങ്കൽ | ₹6,120/- (₹6,030- വികസനഫണ്ട്, ₹90 - മറ്റുള്ളവ) |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | 1/19-20 തീയതി 22/02/2020 ₹5,940<br>ആകെ - ₹5,940 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ,<br>കൊളച്ചേരി ഗ്രാമ പഞ്ചായത്ത്. |

പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

1. പദ്ധതിക്കായി മുസ്തഫ എം പി, മുനീർ വി, അബ്ദുൾ ഖാദർ വി, മുസ്തഫ കെ എന്നീ നാല് ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തത്. എന്നാൽ പ്രസ്തുത ഗുണഭോക്താക്കളിൽ മുസ്തഫ കെ എന്നയാൾ അംഗീകൃത മത്സ്യ തൊഴിലാളിയാണെന്ന് വ്യക്തമാക്കുന്ന രേഖകളോ പ്രസ്തുത ഗുണഭോക്താവിനെ സംബന്ധിച്ച മറ്റ് രേഖകളോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. പദ്ധതിയുടെ ഭാഗമായി നാല് ഐസ് ബോക്സുകൾ ഒരു ഐസ് ബോക്സിന് 2970 രൂപ നിരക്കിൽ 11880 രൂപയ്ക്ക് മത്സ്യഫെഡ് വ്യാസാ സ്റ്റോറിൽ നിന്ന് വാങ്ങിയിട്ടുണ്ട്. പദ്ധതി മാർഗ രേഖ പ്രകാരം യൂണിറ്റ് കോസ്റ്റിന്റെ 50% ഗുണഭോക്താവാണ് ഒടുക്കേണ്ടത്. എന്നാൽപദ്ധതി ഗുണഭോക്താക്കളിൽ മുസ്തഫ കെ എന്ന ഗുണഭോക്താവ് ഗുണഭോക്തൃ വിഹിതമായ 1485 രൂപ ഒടുക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3. ഗുണഭോക്താക്കൾ ഐസ് ബോക്സ് കൈപ്പറ്റിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. പദ്ധതിയുടെ ഭാഗമായി നാല് ഐസ് ബോക്സുകളുടെ വിലയായ 11,880 രൂപ മത്സ്യഫെഡ് വ്യാസാ സ്റ്റോറിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയത് സംബന്ധിച്ച് സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീത് സമർപ്പിച്ചിട്ടില്ല.

5. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 21/19-20 തീയതി 08/10/2021) മറുപടിയായി അപാകതകൾക്ക് വിശദീകരണം നൽകാൻ അന്നത്തെ നിർവ്വഹണ ഉദ്യോഗസ്ഥക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 സാന്ത്വന പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ -ചെലവ് തുക ₹4,12,296 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | സാന്ത്വന പരിചരണ പരിപാടി (ന്യൂ), സാന്ത്വന പരിചരണ പരിപാടി (സ്പിൽ ഓവർ) |
| പ്രൊജക്റ്റ് നം | 72/20, 154/20 |
| അടങ്കൽ | ₹4,75,800/- (₹2,75,800- വികസനഫണ്ട്, ₹2,00,000 - ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹31,355/- (₹140- വികസനഫണ്ട്, ₹10,913 - ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ₹20,302 - ജില്ലാ പഞ്ചായത്ത് വിഹിതം) |

| | |
|---|---|
| | |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | 1/19-20 തീയതി 08.09.2019 ₹1,30,400<br>2/19-20 തീയതി 14.09.2019 ₹55,300<br>ചെക്ക് നം ലഭ്യമല്ല (ചെക്കിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല) ₹17,904<br>ചെക്ക് നം. 1470405 തീയതി 19/11/2019 ₹9,120<br>ചെക്ക് നം. 1470410 തീയതി 29/01/2020 ₹74,016<br>ചെക്ക് നം. 1470411 തീയതി 29/01/2020 ₹11,100<br>ചെക്ക് നം. ലഭ്യമല്ല (ചെക്കിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല) ₹49,500<br>ചെക്ക് നം. 1470414 തീയതി 27/03/2020 ₹36,488<br>ചെക്ക് നം. 1470415 തീയതി 31/03/2020 ₹28,468<br>ആകെ - ₹4,12,296 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പി എച്ച് സി, കൊളച്ചേരി ഗ്രാമ പഞ്ചായത്ത്. |

പഞ്ചായത്തിലെ കിടപ്പ് രോഗികളായവർക്ക് സാന്ത്വനപരിചരണം നൽകുന്നതിനായി പാലിയേറ്റീവ് കെയർ നഴ്സിന്റെ വേതനം, വാടകയ്ക്കെടുത്ത വാഹനത്തിന്റെ പ്രതിദിന ചാർജ്ജ്, ഹോംകെയർ, കുടുംബസംഗമം, മറ്റ് ചെലവുകൾ എന്നീയിനങ്ങളിലെ ചെലവുകൾക്കായാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്.പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

1. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019/ ത.സ്വ.ഭ.വ തീയതി 7.3.2019പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട പുതുക്കിയ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചതാണ്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2-2 പ്രകാരം വാർഡ് തല പ്രവർത്തനത്തിന്റെ ഭാഗമായി ദീർഘ പരിചരണം ആവശ്യമുള്ളവരെ വാർഡടിസ്ഥാനത്തിൽ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതും ഇവർക്ക് മാനസിക സാമൂഹിക പിന്തുണ നൽകുന്നതിന്റെ ഭാഗമായി വാർഡ് തലത്തിൽ ആരോഗ്യ അവലോകന സമിതി രൂപീകരിക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിൽ ഇത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019/ത.സ്വ.ഭ.വ തീയതി 7.3.2019 ലെ ഖണ്ഡിക 2-3 പ്രകാരം പഞ്ചായത്തിൽ ദീർഘകാല പരിചരണം ആവശ്യമുള്ളവരുടെ ലിസ്റ്റ് സബ്സെന്റർ തലത്തിൽ കണ്ടെത്തി ഓരോ രോഗിക്കും പരിചരണം ഉറപ്പാക്കേണ്ടതും തുടർച്ചയായി മരുന്നുകൾ ആവശ്യമുള്ളവരെ ആരോഗ്യ കേന്ദ്രത്തിലെ ഓ.പി.യിലേക്ക് റഫർ ചെയ്യേണ്ടതും നഴ്സിംഗ് പരിചരണം ആവശ്യമായവരെ ഹോം കെയർ യൂണിറ്റിലേക്കും റഫർ ചെയ്യേണ്ടതാണ്. എന്നാൽ സബ്സെന്റർ തലത്തിൽ ഇത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. മാർഗരേഖ ഖണ്ഡിക 2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷാവസാനത്തിനുമൻപും പാലിയേറ്റീവ് കെയർ മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേരേണ്ടതുമാണ്. എന്നാല് മാനേജിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് പി.എം.സി മിനിട്സ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. മാർഗരേഖ ഖണ്ഡിക 2.4.2 പ്രകാരം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ടുകൊണ്ടു പോകുന്നതിനായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി ഓരോ പഞ്ചായത്തും രൂപീകരിക്കേണ്ടതാണ്. എല്ലാ മാസവും 5-ാം തീയതിക്കുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5. മാർഗരേഖ ഖണ്ഡിക 2.16 പ്രകാരം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ക്ഷേമകാര്യസ്റ്റാന്റിഗ് കമ്മിറ്റിയും പാലിയേറ്റീവ് കെയർ സംബന്ധിച്ച പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതാണ്. പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം മോണിറ്ററിംഗിനായി ആരോഗ്യം വർക്കിംഗ് ഗ്രൂപ്പിനെയാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ മോണിറ്ററിംഗ്

റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. മാർഗരേഖ ഖണ്ഡിക 2.6.3 പ്രകാരം പാലിയേറ്റീവ് കെയർ ആവശ്യമുള്ള രോഗികളെ പരിശോധിക്കുന്ന ഹോം കെയർ ടീമിന്റെ വിവരങ്ങൾ ഹോം കെയർ റിപ്പോർട്ട് ബുക്കിൽ രേഖപ്പെടുത്തേണ്ടതും ഹോം കെയർ ആരംഭിച്ച സമയം, ഓരോ രോഗികളുടെ വീട്ടിൽ എത്തിയതും തിരിച്ചിറങ്ങിയതുമായ സമയം, ആകെ കണ്ട രോഗികളുടെ എണ്ണം, ഉച്ചഭക്ഷണത്തിന് നിർത്തിയ സമയം, നേരത്തെ അവസാനിപ്പിച്ചെങ്കിൽ കാരണം, അവസാനിപ്പിച്ച സമയം, ടീമംഗങ്ങൾ എത്തിയതും പോയതുമായ സമയം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. ആഴ്ചയിൽ ഒരു പ്രാവശ്യം മെഡിക്കൽ ഓഫീസർ ഹോം കെയർ ബുക്ക് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഹോംകെയർ ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

7. പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച ₹17,904, ₹49,500 എന്നീ തുകകളുടെ ചെക്കുകളുടെ പകർപ്പോ മറ്റ് വിശദാംശങ്ങളോ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/19-20 തീയതി 07.10.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക ₹4,12,296 (₹3,85,272 + ₹27,024) തടസ്സപ്പെടുത്തുന്നു.

## 1-27 കാൻസർ നിയന്ത്രണ പരിപാടി നടപ്പാക്കിയിട്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | കാൻസർ നിയന്ത്രണ പരിപാടി |
| പ്രൊജക്റ്റ് നം | 73/20 |
| അടങ്കൽ | ₹80,000/- (₹80,000- തനത് ഫണ്ട്) |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | - |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പി എച്ച് സി,<br>കൊളച്ചേരി ഗ്രാമ പഞ്ചായത്ത്. |

ഗ്രാമ പഞ്ചായത്തിലെ കാൻസർ രോഗ ലക്ഷണമുള്ളവരെ മെഡിക്കൽ ക്യാമ്പിൽ ഉൾപ്പെടുത്തി കാൻസർ രോഗ നിർണ്ണയം നടത്തി അതോടൊപ്പം ബോധവൽക്കരണം നൽകുകയും പിന്നീട് തുടർ ചികിത്സക്കായി ജില്ലാ ആശുപത്രി, കാൻസർ സെന്റർ എന്നിവിടങ്ങളിലേക്ക് രോഗികളെ അയക്കുന്നതിനുമാണ് പദ്ധതി ആവിഷ്ക്കരിച്ചത്. എന്നാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. പദ്ധതി നടപ്പാക്കാതെ പോയതിന്റെ കാരണം വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/19-20 തീയതി 08.10.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

വിഭാവനം ചെയ്യുന്ന പദ്ധതികളുടെ സ്വീകാര്യതയും ഗുണഭോക്തൃ പങ്കാളിത്തവും പരിഗണിച്ച് ഓരോ മേഖലയിലും നടപ്പാക്കേണ്ട പദ്ധതികൾക്ക് തുക ചെലവഴിക്കേണ്ടതാണ്. നടപ്പാക്കാൻ സാധ്യത കുറവായ പദ്ധതികൾക്കായി തുകകൾ വകയിരുത്തുകയും വിനിയോഗിക്കാതെ ലാപ്സാകുകയും ചെയ്യുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 1-28 മരണശേഷം പെൻഷൻ സസ്പെന്റ് ചെയ്യുന്നില്ല

ഗ്രാമ പഞ്ചായത്തിലെ മരണ രജിസ്റ്റർ പ്രകാരം 2019-20 സാമ്പത്തിക വർഷ കാലത്ത് മരണം രജിസ്റ്റർ ചെയ്തിട്ടുള്ളതും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധിച്ചപ്പോൾ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷം പെൻഷൻ കൃത്യമായി സസ്പെന്റ് ചെയ്യുന്നില്ലെന്ന് കാണുകയുണ്ടായി. ഉദാഹരണമായി താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ അക്കൗണ്ടുകൾ ആക്ടീവാണെന്ന് കാണാൻ സാധിച്ചു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| 1 | അരവിന്ദാക്ഷൻ കെ വി | 112590200771 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 25/04/2019 | സ്റ്റാറ്റസ് ആക്ടീവ് ആണ്. 2018 നവംബർ മാസം വരെ പെൻഷൻ തുക കൈപ്പറ്റിയിട്ടുണ്ട്. മസ്റ്ററിംഗ് പൂർത്തിയാക്കുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യാത്തതിനാൽ തുക തടഞ്ഞ് വച്ചിരിക്കുകയാണ്. |
| 2 | എം പി ആസ്യ | 111250600569 | ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ | 30/08/2019 | സ്റ്റാറ്റസ് ആക്ടീവ് ആണ്. 2019 ജൂലൈ മാസം വരെ പെൻഷൻ തുക കൈപ്പറ്റിയിട്ടുണ്ട്. മസ്റ്ററിംഗ് പൂർത്തിയാക്കുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യാത്തതിനാൽ തുക തടഞ്ഞ് വച്ചിരിക്കുകയാണ്. |

ഇത്തരത്തിൽ നിരവധി പെൻഷൻ അക്കൗണ്ടുകൾ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും ആക്ടീവായി നിലനിൽക്കുന്നുണ്ട്.

ധനവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18 പ്രകാരം മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്തവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാതുമാസം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും സേവന സോഫ്റ്റ് വെയറിൽ നിന്ന് സസ്പെന്റ് ചെയ്യാൻ സെക്രട്ടറി നടപടി സ്വീകരിക്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. എന്നാൽ ഇപ്രകാരം പൂർണ്ണമായും നിർവ്വഹിച്ചതായി കാണുന്നില്ല. അനർഹരെ യഥാസമയം ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സെക്രട്ടറിയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കും സ്വീകരിക്കേണ്ടതാണ്.

1-29 ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ വിതരണം തുടർന്നു

കൊളച്ചേരി ഗ്രാമ പഞ്ചായത്തിലെ മരണ രജിസ്റ്റർ പ്രകാരം 2019-20സാമ്പത്തിക വർഷ കാലത്ത് മരണം രജിസ്റ്റർ ചെയ്തിട്ടുള്ളതും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതുമായ വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധന നടത്തിയപ്പോൾ ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുക അനുവദിച്ചിട്ടുണ്ടെന്ന് കാണാൻ സാധിച്ചു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | റിമാർക്സ് | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1 | അഹമ്മദ്കുട്ടി കെ പി | 111250201396 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24/01/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 ഏപ്രിൽ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 3700 |
| 2 | നാരായണൻ.ടി.കെ | 111250200628 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 26/01/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 ഏപ്രിൽ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 3700 |
| 3 | സരോജിനി കെ | 111250600951 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 12/02/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 ഏപ്രിൽ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 2500 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം-22/19-20 തീയതി 08/10/2021) മറുപടിയായി ഗുണഭോക്താക്കളുടെ മരണശേഷം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച പെൻഷൻ തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ അക്കൗണ്ടിലേക്ക് തിരിച്ചടക്കുന്നതിന് 11/05/2020 ന് ബാങ്കുകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും മരണശേഷം അനുവദിച്ച പെൻഷൻ തുകകൾ തിരിച്ചടവാക്കുന്ന മുറയ്ക്ക് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## 3-1 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് തസ്തികയിൽ റേഷ്യോ അടിസ്ഥാനത്തിൽ ഹയർഗ്രേഡ് കുടിശ്ശിക അനുവദിച്ച ₹21413 നിരാകരിക്കുന്നു.

വൗച്ചർ നമ്പർ/ തീയതി - 21900231/24-06-2019 ₹22,973

കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ ഹരിദാസൻ മൂളിയിൽ എന്നവർക്ക് പഞ്ചായത്ത് ഡയറക്ടറുടെ 26-06-2018 ലെ ഇ2-14700/2018 ഉത്തരവ് പ്രകാരം അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് തസ്തികയിൽ 01-04-2016 തീയതി പ്രാബല്യത്തിൽ 35,700 -75,600 രൂപ ശമ്പള സ്കെയിലിൽ റേഷ്യോ അടിസ്ഥാനത്തിലുള്ള ഹയർഗ്രേഡ് അനുവദിച്ചിട്ടുണ്ട്. ജി.ഒ.(പി) 515/2007/ധന തീയതി 19-10-2007 പ്രകാരം ഡ്യൂട്ടിയിൽ മാറ്റമില്ലാത്ത മുൻകാല ഉദ്യോഗകയറ്റങ്ങൾക്ക് അവയുടെ സാമ്പത്തിക ആനുകൂല്യങ്ങൾ ഉത്തരവിന് ഒരു വർഷം മുൻപ്മാത്രമാണ് പ്രാബല്യം ഉണ്ടായിരിക്കുക. എന്നാൽ ശമ്പള നിർണ്ണയം നോഷനലായി നടത്താവുന്നതാണ്. ശ്രീ.ഹരിദാസൻ മൂളിയിൽ മേൽ സർക്കാർ ഉത്തരവ് പ്രകാരം 26-06-2017 മുതൽ മാത്രമാണ് ശമ്പള കുടിശ്ശികക്ക് അർഹത. ജീവനക്കാരന് കൊളച്ചേരി ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്ന കാലയളവിലെ കുടിശ്ശിക ഒക്ടോബർ 2016 മുതൽ ജൂലായ് 2017 വരെ അനുവദിച്ചിട്ടുണ്ട്.

അനുവദിച്ചത്

| Month | Pay | DA | HRA | Total | Pay | DA | HRA | Total | Balance |
|---|---|---|---|---|---|---|---|---|---|
| 10/2016 | 38413 | 4609(12%) | 1258 | 44280 | 36568 | 4599 | 1258 | 42425 | 1855 |
| 11/2016 | 45800 | 5496 | 1500 | 52796 | 43600 | 5232 | 1500 | 50322 | 2464 |
| 12/2016 | 45800 | 5496 | 1500 | 52796 | 43600 | 5232 | 1500 | 50322 | 2464 |
| 01/2017 | 45800 | 6412(14%) | 1500 | 53712 | 43600 | 6104 | 1500 | 51204 | 2508 |
| 02/2017 | 45800 | 6412 | 1500 | 53712 | 43600 | 6104 | 1500 | 51204 | 2508 |
| 03/2017 | 45800 | 6412 | 1500 | 53712 | 43600 | 6104 | 1500 | 51204 | 2508 |
| 04/2017 | 45800 | 6412 | 1500 | 53712 | 43600 | 6104 | 1500 | 51204 | 2508 |
| 05/2017 | 46900 | 6566 | 1500 | 54966 | 44700 | 6258 | 1500 | 52458 | 2508 |
| 06/2017 | 46900 | 6566 | 1500 | 54966 | 44700 | 6258 | 1500 | 52458 | 2508 |
| 07/2017 | 21180 | 3177 | 677 | 25034 | 20187 | 3028 | 677 | 23892 | 1142 |
| | | | | | | | | | 22,973 |

അനുവദിക്കാവുന്നത്

| Month | Pay | DA | HRA | Total | Pay | DA | HRA | Total | Balance |
|---|---|---|---|---|---|---|---|---|---|
| 06/2017 നിരക്ക് | 46900 | 6566 (14%) | 1500 | 54966 | 44700 | 6258 | 1500 | 52458 | 2508 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| (5days)<br>From 26-06-2017 | 7816.66 | 1094.33 | 250 | 9161 | 7450 | 1043 | 250 | 8743 | 418 |
| 07/2017 | 21180 | 3177 | 677 | 25034 | 20187 | 3028 | 677 | 23892 | 1142 |
| | | | | | | | | | 1560 |

26-6-2017 മുതൽ മാത്രം സാമ്പത്തിക ആനുകൂല്യം അനുവദിക്കാവുന്ന ഹയർ ഗ്രേഡ് കുടിശ്ശിക 10/2016 മുതൽ അനുവദിച്ചത് കാരണം ₹21413 (22,973-1560) ജീവനക്കാരനിൽ നിന്ന് ഈടാക്കേണ്ടതാണ്. ₹21413 ചെലവ് നിരാകരിക്കുന്നു. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 1/06-10-2021 മറുപടി നൽകിയിട്ടില്ല.)

## 3-2 ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിലെ അപാകങ്ങൾ ₹1495 നിരാകരിക്കുന്നു.

വൗച്ചർ നമ്പർ 21900129/21-05-2019 ₹182659

ജി.ഒ(പി)44/2019/ധന തീയതി 04-04-2019 പ്രകാരം 01/2018 മുതൽ 03/2019 ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

31-05-2019 ൽ സേവനത്തിൽ നിന്ന് വിരമിച്ച ശ്രീ മാധവൻ നമ്പൂതിരി ക്ലർക്ക് 05/2018 ൽ ആർജിതാവധി സറണ്ടർ ചെയ്തതിന് ശേഷം ടെർമിനൽ സറണ്ടർ മാത്രമാണ് ചെയ്തത്. 05/2018 ൽ സറണ്ടർ ചെയ്തതിന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ച ശേഷം ഡ്യൂ ഡ്രോൺ സ്റ്റേറ്റ്മെന്റിൽ മാസം രേഖപ്പെടുത്താതെ വീണ്ടും ₹1495 സറണ്ടർ ലീവ് ക്ഷാമബത്ത കുടിശ്ശിക ഇനത്തിൽ നൽകിയിട്ടുണ്ട്. അനുവദിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | PAY | DA | HRA | TOTAL | PAY | DA | HRA | TOTAL | BALANCE |
|---|---|---|---|---|---|---|---|---|---|
| SLS | 29900 | 5980 | 1250 | 37130 | 29900 | 4485 | 1250 | 35635 | 1495 |

സറണ്ടർ ചെയ്യാത്ത കാലയളവിൽ സറണ്ടർ ക്ഷാമബത്ത കുടിശ്ശിക നൽകിയതിന്റെ കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/06-10-2021) മറുപടി നൽകിയിട്ടില്ല. തെറ്റായി സറണ്ടർ ഇനത്തിൽ നൽകിയ ₹1495 ചെലവ് നിരാകരിക്കുന്നു. തുക ജീവനക്കാരനിൽ നിന്ന് ഈടാക്കി ഒടുക്കേണ്ടതാണ്.

# ഭാഗം -4

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 7-10-2021,8-10-2021 | നം.കെ.എസ്.എ/കെ.എൻ.ആർ/<br>സി.6/1285/2021.<br>തീയതി: 29.12.2021 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | ലഭിച്ച | പ്രോജക്ടിന്റെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|

| നൽകിയ സ്ഥാപനം | തുക | പേ ര് | | |
|---|---|---|---|---|
| ബ്ലോക്ക് | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരി ടുന്നവർക്കുള്ള സ്കോളർഷിപ്പ് | 0 | 300000 |
| ബ്ലോക്ക് | 350000 | പെയിൻആൻഡ് പാലിയേറ്റീവ് | 199572 | 150428 |
| ബ്ലോക്ക് | 400000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ് | 0 | 400000 |
| ബ്ലോക്ക് | 1842550 | ബഡ്സ് സ്കൂൾ നടത്തിപ്പ് ചിലവ് | 1342624 | 499926 |
| ജില്ല | 510000 | നെൽവയല് വികസനം | 510000 | 0 |
| ജില്ല | 200000 | ലൈഫ് ഭവനപദ്ധതി (എസ്.സി) | 0 | 200000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങള്

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേ ര് | വൗച്ചർ നം /ചെക്ക് നം | മുൻകൂർ നൽ കിയ | വിനിയോഗ സാക്ഷ്യപത്ര പ്രകാരം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | തുക | ചെലവായ തുക |
| KGWD | പ്രോ.നം.52/2020 ആയുർവ്വേദ ആശുപത്രികക്ക് കുഴൽകിണർകുഴിക്കൽ | 21901047/26.10.2019 | 30000 | NIL |
| KGWD | പ്രോ.നം.177/2020 കൊളച്ചേരിപ്പറമ്പ് ലക്ഷംവീട് കുഴൽക്കിണർ-സബ്മേഴ്സിബിൾപമ്പ് ഇറക്കി ലൈന് സ്ഥാപിക്കൽ | 21901048/26.10.2019 & 21900683/31.10.2019 | 64000 | NIL |
| KGWD | പ്രോ.നം.47/2020 കൊളച്ചേരിപ്പറമ്പ് പൊതുശ്മശാനം കുഴൽക്കിണർ നിർമാണം | 21901061/23.11.2019 | 74000 | NIL |
| കെ.എസ്. ഇ.ബി. | വാർഡ് 2 ലെ ചോയിച്ചേരി റോഡിൽ സ്ഥിതി ചെയ്യുന്ന KLY KM 20, 34, 40 ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 21900046/ 09-04-2019 | 8955 | NIL |
| കെ.എസ്. ഇ.ബി. | വാർഡ് 6 ലെ കൊളച്ചേരി മുക്ക് നെല്ലിക്കപ്പാലം ലെനിൻ റോഡിലെ KLY KN 51/ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 21900053/ 10-04-2019 | 12007 | NIL |
| കെ.എസ്. ഇ.ബി. | വാർഡ് 6 ലെ പട്ടായം നാലാംപീടിക റോഡിലെ റോഡിലെ KLY/ KM 222/19 ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 21900114/ 13-05-2019 | 19387 | NIL |
| കെ.എസ്. ഇ.ബി. | 160/2020 ചേലേരിമിൽ - ചേലേരി വയൽ റോഡിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 21900966/ 06-02-2020 | 20131 | NIL |
| | 160/2020 പെരുമാച്ചേരി കാവുംചാൽ എ.കെ.ജി റോഡിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 21901133/ 04-03-2020 | 29765 | NIL |
| കെ.എസ്. ഇ.ബി. | ചേലേരിമുക്ക് - ഇച്ചൂളിയത്ത് റോഡിന്റെ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 21901089/ 27-02-2020 | 13580 | NIL |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേ ര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്നതുക | തൻവർഷം തിരിച്ചടച്ച തുക | മുതൽ പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇ എം എസ് ഭവന പദ്ധതി | 274/2010 | 157,35,500 | 4,43,050 | 4,43,050 | - | - |
| കെയു ആർ ഡി എഫ് സി ലോൺ | | 1963973 | 1963973 | 294118 | - | 1669855 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 442872 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 37644 |
| ആകെ | 480516 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 480516 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | കൊളച്ചേരി സർവ്വീസ് സഹകരണ ബാങ്ക് | 21.03.2020 | 12 മാസം | 480516 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ & തീയതി |
|---|---|---|---|---|
| 2015-16 | 2-5(2) | 400/- | മാനേജർ,സപ്ളൈകോ | 119020107583/14.01.2020 |
| 2016-17 | 2-3(2) | 200/-<br>200/-<br>200/- | സുരേശൻ പി.<br>സജീവൻ ഇ.പി.<br>സുരേശൻ പി. | 119020108523/17.02.2020<br>119020108524/17.02.2020<br>119020108544/17.02.2020 |

| | | | | |
|---|---|---|---|---|
| 1997-98 | പാര.34 | 75/- | പി.പി,മോഹനൻ | 119020100531/08.05.2019 |
| 2017-18 | പാര 3-2(ബി) | 5958/- | അബ്ദുൾഗഫൂർ എം.സി.കെ. | 119020106849/18.12.2019 |
| 2016-17 | പാര2(2) | 2500/- | നിയാസ്, കോൺട്രാക്ടർ | 119020100049/05.04.2019 |
| 2015-16 | പാര 2-3(3) | 2400/- | റംലത്ത് എം,<br>ഷാസ് ഇൻഡേൻ ഗ്യാസ് ഏജൻസി. | 119020101395/27.06.2019 |
| 2015-16 | പാര 2-3(3) | 600/- | ശ്രീദേവി ഡ്രൈവിംഗ് സ്കൂൾ | 119020102184/17.08.2019 |
| 2015-16 | പാര 2-3(3) | 720/- | മയ്യിൽ ഗ്രാനൈറ്റ് | 119020103912/04.11.2019 |
| 2015-16 | പാര 2-3(3) | 3600/- | ഫൈവ്സ്റ്റാർ സ്റ്റോൺക്രഷർ | 119020103996/07.11.2019 |
| 2015-16 | പാര 2-3(3) | 840/- | കമ്പിൽ ലത്തീഫിയ അറബിക് കോളേജ് | 119020104026/08.11.2019 |
| 2015-16 | പാര 2-3(3) | 240/- | സെക്രട്ടറി, കായച്ചിറ ക്ഷീരസംഘം. | 119020104073/12.11.2019 |
| 2015-16 | പാര 2-3(3) | 1320/- | ബ്രില്ല്യന്റ് അക്കാദമി, കൊളച്ചേരിമുക്ക്. | 119020104292/16.11.2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 43(എ) | | | ഗവ.ഉത്തരവിന് വിരുദ്ധമായി തുക ചിലവഴിച്ചു. | ഗവ.സാധൂകരണം ലഭിച്ചിട്ടുണ്ട്. |
| 2015-16 | 2-3(3) | | | തൊഴിൽ നികുതി അപാകതകൾ | തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 49871895 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 45977546 |
| വരവിനങ്ങളിലുള്ള നഷ്ടം | : | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 22908 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1620994 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1(1-17) | | 21413 | |
| 3-2(1-18(2)) | | 1495 | |
| | ആകെ | 22908 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 71577 | രാഹുൽ രാമചന്ദ്രൻ,<br>സെക്രട്ടറി |
| 1-19 | 33721 | രാഹുൽ രാമചന്ദ്രൻ,<br>സെക്രട്ടറി |
| 1-20 | 1052400 | അർച്ചന മുരളി,<br>അഗ്രിക്കൾച്ചർ ഓഫീസർ |
| 1-23 | 45060 | രാജീവൻ പുല്ലാരേത്ത്,<br>ഹെഡ് മാസ്റ്റർ |
| 1-25 | 5940 | രമ്യശ്രീ.പി.വി,<br>അസി.ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-26 | 412296 | ഡോ.ലിഷ പാലാടൻ,<br>മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| ആകെ | 1620994 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ലിഷ പാലാടൻ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ചേലേരി. | ലാവൻഡേഴ്സ്, പൊടിക്കുണ്ട്, കണ്ണൂർ |
| രാഹുൽ രാമചന്ദ്രൻ സെക്രട്ടറി | സെക്രട്ടറി, കൊളച്ചേരി ഗ്രാമപഞ്ചായത്ത് | കണ്ണൻ വില്ല, തളാപ്പ്, കണ്ണൂർ |
| സിറിൽ ജറോം | വിരമിച്ചു | മിനസ്, ഉരുവച്ചാൽ, ചൊവ്വ പി.ഒ. |
| അർച്ചന മുരളി, അഗ്രിക്കൾച്ചർ ഓഫീസർ | അഗ്രിക്കൾച്ചർ ഓഫീസർ, കൊളച്ചേരി ഗ്രാമപഞ്ചായത്ത് | പരപ്പള്ളിച്ചിറ ഹൗസ്, പാലക്കാട്. |
| രാജീവൻ പുല്ലാരേത്ത്, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ, ജി.എം.എൽ.പി.സ്കൂൾ, ചേലേരി. | നന്ദനം, തലമുണ്ട.പി.ഒ, കൂടാളി |
| രമ്യശ്രീ.പി.വി, അസി.ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | അസി.ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, ഫിഷറീസ് ഡയറക്ടർ ഓഫീസ്, കാഞ്ഞങ്ങാട്. | നീന നിവാസ്, അട്ടത്തില, പഴയങ്ങാടി. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/സി6/744/19 തീയതി 09.04.2019 | 1 |
| 1999-00 | കെ.എസ്.എ/കെ.എൻ.ആർ/സി6/744/19 തീയതി 09.04.2019 | 1 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/സി6/744/19 തീയതി 09.04.2019 | 2 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/സി6/744/19 തീയതി 09.04.2019 | 1 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി6/744/19 തീയതി 09.04.2019 | 1 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി6/744/19 തീയതി 09.04.2019 | 2 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/സി6/744/19 | 1 |

| | | |
|---|---|---|
| 2010-11 | തീയതി 09.04.2019 | |
| 2011-12<br>2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി6/744/19 തീയതി09.04.2019 | 6 |
| 2013-14<br>2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി6/744/19 തീയതി09.04.2019 | 3 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി6/744/19 തീയതി.09.04.2019 | 9 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി6/744/19 തീയതി.09.04.2019 | 3 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ.സി6/7504/19 തീയതി 11.10.2019 | 5 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി6/95/2020 തീയതി 03.03.2020 | 24 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Kolachery Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 17944957.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 973740.00 |
| 130000000 | Rental income from Panchayat Properties | RP-3 | 93000.00 |
| 140000000 | Fees & User Charges | RP-4 | 786681.00 |
| 150000000 | Sale & Hire Charges | RP-5 | 30183.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 34950003.00 |
| 171000000 | Interest Earned | RP-9 | 672464.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7453568.00 |
| 340000000 | Deposits Received | RP-34 | 4000.00 |
| 350000000 | Other Liabilities | RP-36 | 237000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 648088.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 0.0 |
| 311000000 | Earmarked Funds | RP-29 | 327.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 65257.00 |
| 350000000 | Other Liabilities | RP-36 | 179202.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3642758.00 |
| 460000000 | Loans, Advances and Deposits | RP-47 | 135624.00 |
| | Grand total | | 67816852.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3337459.00 |
| 220000000 | Administrative Expenses | RP-12 | 850464.00 |
| 230000000 | Operations & Maintenance | RP-13 | 1211421.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4060023.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 14574020.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 194624.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 667750.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 562200.00 |
| 255000000 | Maintenance Projects | RP-20 | 3690031.00 |
| 280000000 | Prior Period item | RP-26 | -7913.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 78247.00 |
| 350000000 | Other Liabilities | RP-36 | 6707214.00 |

| | | | |
|---|---|---|---|
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 877.00 |
| 280000000 | Prior Period Item | RP-26 | -12220.00 |
| 330000000 | Secured Loans | RP-32 | 443050.00 |
| 340000000 | Deposits Received | RP-34 | 108498.00 |
| 350000000 | Other Liabilities | RP-36 | 1961982.00 |
| 410000000 | Fixed Assets | RP-38 | 6653089.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 896730.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 21739327.00 |
| Cash | Cash | RP-40(b) | 99979.00 |
| | Grand Total | | 67816852.00 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Kolachery Grama Panchayat INCOME & EXPENDITURE STATEMENT

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5499559.00 |
| 130000000 | Rental Income from Panchayat / Municipal | I-3 | 116496.00 |

| | | | |
|---|---|---|---|
| | Properties | | |
| 140000000 | Fee & User Charges | I-4(b) | 943531.00 |
| 150000000 | Sale & Hire Charges | I-5(b) | 88233.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 107348283.00 |
| 170000000 | Income from Investments | I-7 | 37644.00 |
| 171000000 | Interest Earned | I-8 | 672464.00 |
| 180000000 | Other Income | I-9 | 0.0 |
| | Total Income | | 114706210.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10792045.00 |
| 220000000 | Administrative Expenses | I-11(b) | 850464.00 |
| 230000000 | Operations & Maintenance | I-12(b) | 1211421.00 |
| 240000000 | Interest & Finance Charges | I-13 | 877.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4060023.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 32971066.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 194624.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 667750.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 50182200.00 |
| 255000000 | Maintenance Projects | I-14(e) | 3690031.00 |
| 270000000 | Provisions and Write off | I-16 | 6220.00 |
| 272000000 | Depreciation | I-17(a) | 1989130.00 |

| | | | |
|---|---|---|---|
| | Total Expenditure | | 106615851.00 |
| | Gross Surplus/ Deficit of income over Expenditure | | 8090359.00 |
| 280000000 | Prior Period Item | I-18 | 90240.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 8000119.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3-3
## ബാലൻസ് ഷീറ്റ്

| Kolachery Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 3218525.86 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 6872.00 |
| 312000000 | Reserves | B-3 | 39745970.00 |
| | Total Reserve & Surplus | | 42971367.86 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4862706.00 |
| | Total Grants, Contributions for Specific Purposes | | 4862706.00 |
| | Loans | | |

| | | | |
|---|---|---|---|
| 330000000 | Secured Loans | B-5 | 1669855.00 |
| | Total Loans | | 1669855.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 686263.00 |
| 350000000 | Other Liabilities | B-9 | 865168.14 |
| | Total Current Liabilities and Provisions | | 1551431.14 |
| | TOTAL LIABILITIES | | 51055360.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 61084742.00 |
| 411000000 | Accumulated Depreciation | B-11 | -34046961.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 27037781.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 480516.00 |
| | Total Investments | | 480516.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 33162.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 21839306.00 |
| 460000000 | Loans, Advances and Deposits | B-18 | 1664595.00 |
| | Total Current Assets, Loans and Advances | | 23537063.00 |
| | Other Assets | | |

| | | |
|---|---|---|
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 51055360.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.